കോടതികളും ഉൾപ്പെടുന്നു. ആയതിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. കൂടാതെ പതിമൂന്നാം ധനകാര്യ കമ്മീഷന്റെ ഫണ്ട് വിനിയോഗിച്ച് 13-5-2014 തീയതിയിലെ സ.ഉ.(എംഎസ്.) നമ്പർ 94/2014/ആഭ്യന്തരം പ്രകാരം 27 താത്കാലിക ജൂഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതികൾ ആരംഭിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇവയിൽ 16 കോടതികൾ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു.

(സി) പരിഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിശോധിച്ചുവരികയാണ്.

വിജിലൻസ് കോടതിയുടെ പരിഗണനയിലുള്ള കേസുകൾ

56 (1920) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വിജിലൻസ് കോടതിയുടെ പരിഗണനയിലുള്ള എത്ര കേസുകൾ പിൻവലിക്കുന്നതിന് നിരാക്ഷേപ പത്രം നൽകിയിട്ടുണ്ട് ;

(ബി) ഏതൊക്കെ ജില്ലകളിലെ ഏതെല്ലാം കേസ്സുകളാണ് ഇങ്ങനെ പിൻവലിക്കുന്നതിന് നിരാക്ഷേപ പത്രം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ; ഇതിനു മന്ത്രിമാരുടെ പേരിലുണ്ടായിരുന്ന കേസുകൾ എന്തെല്ലാം ;

(സി) ഇതിനായി സർക്കാരിന്റെ പരിഗണനയിലുള്ള കേസ്സുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 11 വിജിലൻസ് കേസുകൾ പിൻവലിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

(ബി) കേസുകളെ സംബന്ധിച്ച വിവരം ജില്ല തിരിച്ച് അനുബന്ധമായി ചേർത്തിട്ടുണ്ട്.* ഇവയിൽ മന്ത്രിമാരുടെ പേരിലുള്ള കേസുകൾ ഒന്നുമില്ല.

(സി) കേസുകൾ നിലവിൽ പരിഗണനയിലില്ല.

സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടിയുള്ള കോടതി

57 (1921) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള കുറ്റകൃത്യങ്ങൾ കൈകാര്യം ചെയ്യുന്നതിന് മാത്രമായി സംസ്ഥാനത്ത് എത്ര കോടതികൾ സ്ഥാപിച്ചിട്ടുണ്ടെന്നും അവയിൽ എത്രയെണ്ണം പ്രവർത്തനം ആരംഭിച്ചിട്ടുണ്ടെന്നും അവ എവിടെയൊക്കെയാണ് സ്ഥാപിച്ചിട്ടുള്ളത് എന്നും വ്യക്തമാക്കുമോ ;

(ബി) അനുവദിക്കപ്പെട്ട കോടതികളിൽ ഏതൊക്കെ കോടതികളാണ് ഇനിയും പ്രവർത്തനം തുടങ്ങാത്തതെന്നും ആയതിന്റെ കാരണങ്ങൾ എന്തെന്നും വിശദമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly